# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1022 07.02.2013-ൽ മറുപടിയ്ക്ക്

## ചേലക്കര മണ്ഡലത്തിൽ എസ്.സി.പി.ഫണ്ട് വിനിയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ

ചോദ്യം | ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ആഫീസിൽ അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങളടക്കം പറയാമോ; | (എ) | 1. പൂളക്കപറമ്പ് കുടിവെള്ള പദ്ധതി<br>2. ചോലപ്പറമ്പ് കുടിവെള്ള പദ്ധതി<br>എന്നിവയാണ്. ഇതിൽ പൂളക്കപറമ്പ് കുടിവെള്ള പദ്ധതി 11.09.2012 ലെ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നുവെങ്കിലും പട്ടികജാതിക്കാർക്ക് വ്യക്തിഗത കണക്ഷനും ഇതര വിഭാഗക്കാർക്ക് പൊതുടാപ്പും നൽകുന്ന രീതിയിലുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി നിർദ്ദേശിച്ചു. ചോലപ്പറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് 2012 ലെ SOR പ്രകാരമുള്ളതും പട്ടികജാതിക്കാർക്ക് വ്യക്തിഗത കണക്ഷനും ഇതര വിഭാഗക്കാർക്ക് പൊതുടാപ്പും നൽകുന്ന രീതിയിലുള്ളതുമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇവയിൽ ജില്ലാ നിലവാരത്തിലും സംസ്ഥാന നിലവാരത്തിലും ഭരണാനുമതി ലഭ്യമാക്കാവുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ; | (ബി) | മേൽ പരാമർശിച്ച രണ്ട് പദ്ധതികൾ മാത്രമേ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി ലഭിച്ചിരുന്നുള്ളൂ. |
| (സി) | ഈ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) & (ഡി) | എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ പ്രത്യേക മുൻഗണനയോടെ ഈ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി കുടിവെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ